15 -ാം കേരള നിയമസഭ

14 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 631 | 17-09-2025 - ൽ മറുപടിയ്ക്ക്

## പാറശാല മണ്ഡലത്തിൽ വ്യവസായവകുപ്പ് നടപ്പാക്കിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാറശാല മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പ വഴി, പാറശാല മണ്ഡലത്തിൽ നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്, ഒരു കുടുംബം ഒരു സംരംഭം, സംരംഭക സഹായ പദ്ധതി, എം.എസ്.എം.ഇ-കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ആയവയ്ക്കായി ചെലവാക്കിയ തുകകൾ ചുവടെ ചേർക്കുന്നു.<br><br>നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് : 27,22,232 /- രൂപ<br><br>ഒരു കുടുംബം ഒരു സംരംഭം : 1,14,751/- രൂപ<br><br>സംരംഭക സഹായ പദ്ധതി : 3 ലക്ഷം രൂപ<br><br>എം.എസ്.എം.ഇ-കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി :12,254/- രൂപ |
| (ബി) | ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി പാറശാല നിയോജകമണ്ഡലത്തിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചുവെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമാക്കാമോ; സംരംഭങ്ങളുടെ പേര്, മറ്റ് വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിച്ച ചെറുകിട-ഇടത്തരം-വ്യവസായ സംരംഭങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:<br><br>അമ്പൂരി - 185<br><br>ആര്യൻകോട് - 273<br><br>കള്ളിക്കാട് - 162<br><br>കൊല്ലയിൽ - 282<br><br>കുന്നത്തുകാൽ - 444<br><br>ഒറ്റശേഖരമംഗലം - 215<br><br>പാറശ്ശാല – 596 |

| | | | |
|---|---|---|---|
| | | | പെരുങ്കടവിള – 267<br><br>വെള്ളറട – 454 |
| (സി) | ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ കുറ്ററ കേന്ദ്രമായി പ്രവർത്തിക്കുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദവിവരം നൽകാമോ? | (സി) | പാറശാല ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്നതും കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ സ്ഥാപനമായ നിലവിൽ ഈ പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ 15 നെയ്ത്ത് തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഈ നെയ്ത്ത് കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് വെള്ളക്കെട്ട് ഉള്ളതിനാൽ ഇലക്ട്രിക് വയറിംഗ് അടക്കമുള്ളവ യഥാവിധി പ്രവർത്തിക്കാത്തതിനാൽ ഇത് ശരിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നെയ്ത്ത് കേന്ദ്രത്തിലെ വാട്ടർ കണക്ഷൻ വിച്ഛേദിച്ചിരിക്കുന്നതിനാൽ കണക്ഷൻ പുനഃസ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. നെയ്ത്ത് കേന്ദ്രത്തിലെ കെട്ടിടത്തിന്റെ വാടക കുടിശ്ശിക രണ്ട് ഗഡുക്കളായി 8 മാസത്തേത് നൽകിയിട്ടുണ്ട്. ബാക്കിയുള്ള വാടക കുടിശ്ശിക നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ